# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 390 — 6-2-2013-ൽ മറുപടിക്ക്

### വൈദ്യുതി നിരക്കിലും സർചാർജ്ജിലുമുള്ള വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ.ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രാവശ്യം വൈദ്യുതി നിരക്കും വൈദ്യുതി സർചാർജും വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ; | (എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു പ്രാവശ്യം, അതായത് 2012 ജൂലായ് 1- ാം തീയതി മുതൽ സംസ്ഥാനത്ത് സമഗ്രമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>കൂടാതെ കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, വ്യാവസായിക, വാണിജ്യ, ഗാർഹികേതര ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫിൽ, മുൻവർഷ ശരാശരി ഉപഭോഗത്തിന്റെ 90 ശതമാനം വരെ ഉപയോഗിക്കാൻ അനുവദിക്കുകയും, ഗാർഹിക |

ഉപഭോക്താക്കളെ രണ്ടു മാസത്തേയ്ക്ക് 600 യൂണിറ്റ് വരെ നിലവിലുള്ള താരിഫിൽ ഉപയോഗിക്കാൻ അനുവദിക്കുകയും, ടി ഉപഭോക്താക്കൾ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് യഥാർത്ഥ വാങ്ങൽ വിലയായ 10 രൂപ വാങ്ങാൻ കമ്മീഷൻ അനുവദിക്കുകയും

വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ നിലവിലുള്ള രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, 2012 ഡിസംബർ 15- ാം തീയതി മുതൽ താഴെ പറയുന്ന രീതിയിൽ വിവിധ ഉപഭോക്താക്കൾക്ക് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തി. അതായത് കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും, നിലവിലുള്ള താരിഫിനു പുറമേ. നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

ലോഡ് ഷെഡിംഗിൽ നിന്ന് ഒഴിവാക്കപ്പെട്ട എല്ലാവിധ എച്ച്.റ്റി, ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കളും, അവരുടെ വൈദ്യുതി ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപഭോഗത്തി ന്റെ75 ശതമാനമായി നിജപ്പെടുത്തണം. 15.12.2012 മുതൽ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

നിലവിൽ ലോഡ് ഷെഡിംഗ് ഉള്ള എച്ച്.റ്റി ഉപഭോക്താക്കൾ അവരുടെ ഉപഭോ. ഗം മുൻവർഷത്തെ ശരാശരി വൈദ്യുതി ഉപയോഗത്തിന്റെ 80 ശതമാനമായി

നിജപ്പെടുത്തണം. കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

എല്ലാ എൽ.റ്റി വ്യാവസായിക, വാണിജ്യ, ഗാർഹികേതര ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുക. കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റിയായി ഈടാക്കുന്നതാണ്.

ഗാർഹിക ഉപഭോക്താക്കൾ അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുകയും, കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള സ്ലാബ് നിരക്ക് പെനാൽറ്റിയായി നൽകേണ്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്ത് നടപ്പാക്കിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| കാലയളവ് | |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് - ഇന്ധന സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും — യൂണിറ്റിന് 25 പൈസ നിരക്കിൽ |
| 2012 ഏപ്രിൽ മുതൽ 2012 | പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന |

| | |
|---|---|
| സെപ്റ്റംബർ വരെ | ഗാർഹിക ഉപഭോക്താ ക്കൾക്കും — യൂണിറ്റിന് 20 പൈസ നിരക്കിൽ. |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താ ക്കൾക്ക് ഇന്ധന സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താ ക്കൾക്കും യൂണിറ്റിന് 20 പൈസ നിരക്കിൽ. |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ | എല്ലാവിധ ഉപഭോക്താക്കൾക്കും യൂണിറ്റിന് 10 പൈസ നിരക്കിൽ. |

(ബി) 2013 ഏപ്രിൽ 1 മുതൽ വൈദ്യുതി നിരക്ക് വർദ്ധനവോ ,വൈദ്യുതി സർചാർജ് വർദ്ധനവോ നിർദ്ദേശിച്ച് റഗുലേറ്ററി കമ്മീഷന് ബോർഡ് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധന വാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഉണ്ട്. ഏപ്രിൽ 1 മുതൽ ഏകദേശം 1573.54 കോടി രൂപ താരിഫ് വർദ്ധനവിലൂടെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 02.01.2013 ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയിട്ടുണ്ട്. താരിഫ് വർദ്ധനവഴി ഗാർഹിക ഉപഭോക്താക്കൾക്ക് ഏകദേശം 29 ശതമാനവും, എച്ച്. റ്റി, ഇ.എച്ച്.റ്റി, വ്യാവസായിക ഉപഭോക്താക്കൾക്ക് 17-19 ശതമാനം വർദ്ധനവും ബാധകമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ ഉടനെ പുതിയ നിർദ്ദേശ ങ്ങൾ നൽകാൻ ബോർഡ് ആലോ ചിക്കുന്നുണ്ടോ; എത്ര ശതമാനം വർദ്ധനവാണ് നിർദ്ദേശിക്കാൻ ഉദ്ദേ ശിക്കുന്നത്?

(സി) ബാധകമല്ല

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**